# പൂളമംഗലം സെഡ് എം ഹൈസ്കൂൾ

## ഡിജിറ്റൽ മാഗസിൻ 2019 - 2020



- **ഗ്രാമതലവനും ചിത്രകാരനും**

അഭിജിത്ത് എം- 8A

- **ഒരു കൂട്ടം ദ്വീപ് സമൂഹം**

അഭിജിത്ത് എം പി-8A

- **അനാഥതോതിൽ വേദന**

ആദിത്യ പി പി-10B

- **ഒരു ഹൈസ്കൂൾ  കഥ**

അസ് ലം പി- 9A

- **പ്ലാസ്റ്റിക് വില്ലനോ അതോ നായകനോ**

ദേവദത്തൻ- 9B◌ി

- **ആഗ്രഹം**

ഫാത്തിമ ഹിബ-9B

- **കുറുക്കനും   കോഴിയും**

ഫാത്തിമ ഷംല-8B

- **മാതൃത്വം ഒരു വരം**

ഫർമിദ ഫർഹത്- 9B

- **അപ്പുവിന്റെ സങ്കടം**

മുഹമ്മദ് സായിദ് വി- 8B

- **അമ്മ**

മുഫീദ-10B

- **ലക്ഷ്യമാണ്  പ്രധാനം**

സാരംഗി. സി- 8A

- **ഓർമയിലെ ഒരു  മഴക്കാലം**

സാരംഗി.സി- 8A

- **വിമാനം**

സായൂജ് സിടി-8A

• **ഉമ്മച്ചി കുട്ടി**
ഷംല റഫ-9B
• **നാല് സൗഹൃദ പൂക്കൾ**
ഷിജിന-9A
• **നീ എവിടെ...?**
ശ്രീരാഗ്-8A
• **എന്റെ മഴയനുഭവം**
വന്ദന-8A
• **പുഴയോട്**
വന്ദന-8A

**ചിത്രങ്ങൾ**

നന്ദന പി 10B
അഭിഷേക് 9A
വന്ദന 8A
അഭിഷേക് 9A
വന്ദന 8A
ദേവിക 9A
ഷിജിന 9A
കദീജ ഹൈഫ 9B
റുഫൈദ് 10B

## MAGAZINE COMMITTEE

DEVADATHAN
ASLAM
SHIJINA
VANDANA
SHALINI
SARANGI
FATHIMATH SHAMNA
MOHAMMED ZAYID
FATHIMA HIBA
FARMIDA FARHATH

# ഗ്രാമത്തലവനും ചിത്രകാരനും

അഭിജിത്ത് എം

ഒരിക്കൽ ഒരു ഗ്രാമത്തിൽ വളരെ പാവമായ ചിത്രകാരൻ ജിവിച്ചിരുന്നു. വളരെ സമർത്ഥ-നായ കലാകാരനായിരുന്നതു-കൊണ്ട് എല്ലാ ഗ്രാമവാസികളും അയാളെ സ്നേഹിച്ചിരുന്നു. ചി-ലപ്പോഴൊക്കെ അവർ അയാളെ സമീപിച്ചിരുന്നു ചിത്രം വര-യ്ക്കാൻ. ഗ്രാമത്തലവൻ അയാളെ-ക്കുറിച്ച് അറിയാനിടയാകു കയും അയാളെ തന്റെ ബംഗ്ലാ-വിലേക്ക് വിളിക്കുകയും ചെയ്തു. അയാൾ അവിടെയെ-ത്തിയപ്പോൾ, പ്രകൃതിയെ ചി-ത്രീകരികുന്ന രസകരമായ ചിത്രം വരയ്ക്കുവാൻ തലവൻ അയാളോട് അവശ്യപ്പെട്ടു. ചി-ത്രക്കാരൻ വീണ്ടും ചിന്തിച്ചു. എന്നാൽ സത്യത്തിൽ തലവൻ എന്താണ് പറഞ്ഞതെന്ന് അയാൾക്ക് മനസ്സിലായില്ല. തലവന്റെ ബംഗ്ലാവിൽ നിന്നും ചിത്രകാരൻ സ്വയം പോയി. തലവന് സന്തോഷമാക്കുവാൻ ധാരാളം പദ്ധതികൾ അയാൾ അലോചിച്ചു. പക്ഷേ ഒന്നും തന്നെ അയാളുടെ മനസ്സിലേക്ക് എത്തിയില്ല.

ദിവസങ്ങളും മാസങ്ങളും വളരെ വേഗം കടന്നു പോയി. ചിത്ര-ക്കാരനെ കുറിച്ച് യാതൊരു വിവരവും ഇല്ലാത്തത് കൊണ്ട് തലവൻ അയാളെ കൊണ്ടു വരുന്നതിന് കത്തയച്ചു. അത് കണ്ട് ചിത്രകാരൻ തലവന്റെ ബംഗ്ലാവിലേക്ക് എത്തി. അയാ-ളോട് ചിത്രം കാണിക്കുവാൻ പറഞ്ഞു. ചിത്രക്കാരൻ അയാ-ളോടൊപ്പം ഒരു പൊതി കൂടി കൈയ്യിൽ വച്ചിരുന്നു. അത് തുറന്നു അയാൾ ഒരു ചിത്രപ്പ-ലക പുറത്തെടുത്തു. അതിൽ വിചിത്രമായ വരകൾ വരച്ചിട്ടു ണ്ടായിരുന്നു. ഇത് കണ്ട് തല-വൻ അത്ഭുതപ്പെട്ടു. അദ്ദേഹം പറഞ്ഞു. ഈ ചതുരത്തിന്റെ താഴെ ഒരു വലിയ വരയും ഒരു ചെറിയ വളഞ്ഞു തിരിഞ്ഞു കിടക്കുന്ന ഒരു വരയും മാത്രമേ കാണാനുള്ളൂ വളരെ ശാന്തമാ-യി ചിത്രക്കാരൻ പറഞ്ഞു. അങ്ങ് കാണാൻ ആഗ്രഹിച്ചതു പോലുള്ള ചിത്രമാണിത്. എന്റെ ചിത്രപ്പലകയിൽ അങ്ങേക്ക്

ഒരു ആനയെ കാണുവാനാകും. വളരെയധികം ചിന്താക്കുഴപ്പ-ത്തിലായ തലവൻ വീണ്ടും ആ ചിത്രപ്പലകയലേക്ക് നോക്കി. എന്നാൽ കുറച്ച് വരകൾ മാത്ര-മേ കാണാൻ കഴിഞ്ഞുള്ളൂ. തലവൻ പറഞ്ഞു നിന്റെ ചിത്ര-പ്പലകയിൽ എനിക്ക് ആനയെ കാണാൻ സാധിക്കുന്നില്ല. പക്ഷേ വരകൾ മാത്രം കാണാ-നുണ്ട്. ഇത് കേട്ടപ്പോൾ ചിത്രി-ക്കാരൻ പറഞ്ഞു അങ്ങ് കാണുന്ന ചതുരം ഒരു മതിലി-നെയും അതിന്റെ മുകളിൽക്കൂടി കട്ടിയായി കാണുന്ന വര ഒരു ആനയുടെ മുതുകിനെയുമാ-ണ്. മതിലിന്റെ അപ്പുറത്തായതു കൊണ്ട് നമുക്ക് അതിന്റെ പുറം മാത്രമേ കാണുവാൻ സാധി-ക്കുകയുള്ളൂ.

എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ
ക്യൂ.ആർ.കോഡ് സ്കാൻ ചെയ്യൂ



# ഒരു കൂട്ടം ദ്വീപ് സമൂഹം

**അഭിജിത്ത് എം പി**

ഒരിക്കൽ, അങ്ങകലെ ഒരു ദ്വീപിൽ കുറേ മനുഷ്യർ ജീവിച്ചിരുന്നു. അങ്ങനെയിരിക്കെയാണ് ഒരു വിദേശ സഞ്ചാരി അവിടേക്കെത്തിയത്. ആ ദ്വീപിന് ഒരു പ്രത്യേകതയുണ്ട്. അവിടെയുള്ളവർക്ക് അവരുടെതായ ഒരു ഭാഷയുണ്ട്. അവർ പറയുന്നത് ആ സഞ്ചാരിക്കോ സഞ്ചാരി പറയുന്നത് ദ്വീപ് നിവാസികൾക്കോ മനസ്സിലാവുകയില്ല. എന്നിട്ടും ആ സഞ്ചാരി അവിടെ സന്തോഷമായിക്കഴിഞ്ഞു.

അങ്ങനെയിരിക്കെയാണ്, ആ സഞ്ചാരി വന്നപ്പോഴുണ്ടായിരുന്ന സഞ്ചിയിലെ അദ്ദേഹത്തിന്റെ പ്രധാന വിവര സൂചികകളും കാണാതായത്. കൂട്ടത്തിൽ അയാൾ പൊന്നുപ്പോലെ സൂക്ഷിച്ചിരുന്ന അദ്ദേഹത്തിന്റെ കുടുംബഫോട്ടോയും അയാൾക്ക് നഷ്ടമായി. കൂട്ടത്തിൽ അയാളുടെ പേഴ്സും. ഈ കാരണത്താൽ അയാൾ വളരെ ഏറെ ദുഃഖിതനായി അങ്ങനെ വിഷമിച്ചിരിക്കുമ്പോഴാണ് ഒരു കുടുംബം അവിടെ വച്ച് അദ്ദേഹത്തോട് പരിചയപ്പെട്ടത്. ആ കുടുംബത്തിലെ ഗൃഹനാഥൻ ആ സഞ്ചാരിയോട് ചോദിച്ചു എന്താണ് നിങ്ങളുടെ പ്രശ്നം? ആ ഗൃഹനാഥന് സഞ്ചാരിയുടെ നഷ്ടം മനസ്സിലായി. എന്നിട്ട് അവർ സുഹൃത്തുക്കളായി. എന്നിട്ട് അവർ സങ്കടങ്ങൾ പങ്കുവച്ചു. അപ്പോൾ ആ ഗൃഹനാഥൻ അയാളോട് പറഞ്ഞു നിങ്ങളുടെ കുടുംബത്തിനെ ഇങ്ങോട്ട് വിളിച്ചാലോ എന്ന്. എന്നിട്ട് അയാളുടെ കുടുംബം അവിടെ എത്തി. ആ സഞ്ചാരിയുടെ കുടുംബം അദേഹത്തെ

എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ
ക്യു.ആർ.കോഡ് സ്കാൻ ചെയ്യൂ

കൊണ്ടുപോകാനുള്ള തീരുമാനം നിശ്ചയിച്ചു. പക്ഷേ ആ സഞ്ചാരിക്ക് അവിടെ നിന്ന് പോകാൻ താൽപര്യം ഉണ്ടായിരുന്നില്ല. അങ്ങനെ ആ സഞ്ചാരി ആ ദ്വീപിൽ തന്നെ ഒരു കൊച്ചു കുടിൽ ഉണ്ടാക്കി. അദ്ദേഹത്തിന്റെ കുടുംബവുമായി സന്തോഷത്തോടെ ജീവിച്ചു.



## അനാഥത്വത്തിന്റെ വേദന

ആദിത്യ

സന്ധ്യ വളര സന്തോഷവതിയായിരുന്നു. കാരണം ഇന്ന് അവളുടെ സ്കൂളിലെ പി. ടി. എ. മീറ്റിംഗ് ആണ്. സാധാരണ കുട്ടികളെപ്പോലെ സങ്കടപ്പെടാതെ വ്യത്യസ്തമായ അവൾ സന്തോഷിച്ചു. കാരണം അവളുടെ ക്ലാസ്സിൽ മാത്രമല്ല സ്കൂളിലെ തന്നെ പാഠ്യ വിഷയത്തിലും കലാകായികയിലും പ്രവർത്തിപരിചയത്തിലും അവൾ മുന്നിലാണ്. എല്ലാ കാര്യത്തിലും അവളുടെ അച്ഛനമ്മമാർ അവളുടെ ഇച്ഛാനുസരണം കൂടെ നിന്നു. സന്ധ്യയുടെ അച്ഛൻ ഒരു കർഷകനായിരുന്നു. സന്ധ്യക്ക് കൃഷി, പ്രകൃതി, മണ്ണ്, തുടങ്ങിയവയുമായി ബന്ധം ഇല്ലാ-

ത്തതു കൊണ്ടു തന്നെ അവൾ-ക്ക് അതിനെക്കുറിച്ച് പറയുന്ന-ത് തന്നെ വെറുപ്പായിരുന്നു.

ഒരു ദിവസം അച്ഛൻ പാടത്തെ പണികഴിഞ്ഞ് തീൻമേശക്കരി-കിലേക്ക് ഊണ് കഴിക്കാൻ വന്നപ്പോൾ വിയർത്തൊലിച്ച് ചേറിന്റെ ഗന്ധമുള്ള അച്ഛനെ കണ്ട അവൾ അച്ഛന്റെ മനം നോവുന്ന രീതിയിൽ കുത്തു-വാക്കുകൾ പറയുകയും വേദ-നിപ്പിക്കുകയും ചെയ്തു. കൂടാതെ അദ്ദേഹത്തിന്റെ മുൻപിൽ നിന്ന് ഛർദ്ദിക്കുകയും ചെയ്തു. ചെറു-പ്പത്തിൽ നിലത്തും തറയിലും വയ്ക്കാതെ ഒരുപാട് കൊഞ്ചിച്ചു വളർത്തിയതാണ് അച്ഛൻ. വളർന്നു കുറച്ചു പക്വത വെച്ച-പ്പോൾ അവൾ ഇങ്ങനെയൊ-ക്കെ സംസാരിക്കുമെന്ന് അച്ഛൻ കരുതിയില്ല. ഈ സമയം അച്ഛന് തന്റെ ചെവിയെ വിശ്വ-സിക്കാൻ കഴിഞ്ഞില്ല. അടുത്ത ദിവസം സന്ധ്യ സ്കൂളിലേക്ക് പോകാനുള്ള സമയം ആയപ്പോ-ഴാണ് ഫീസ് കൊടുക്കാൻ ടീ-ച്ചർ പറഞ്ഞ കാര്യം ഓർത്തത്. അവൾ ഓടി ചെന്ന് അച്ഛനോട് ചോദിച്ചു. അച്ഛൻ ഇന്നലത്തെ സംഭവം പാടെ മറന്ന മട്ടിൽ തന്റെ കൈയിലുള്ള പണം അവൾക്കു കൊടുത്തു. ആ കാശിന് അറപ്പും വെറുപ്പും ചേറിന്റെ ഗന്ധവും ഒന്നുമില്ലാ-യിരുന്നു. തന്റെ എല്ലാ കൂട്ടു-കാരും ഉന്നത തലത്തിൽ ജോലി ചെയ്യുന്നവരുടെ മക്ക-ളാണ്. താൻ മാത്രം വെറുമൊരു കർഷകന്റെ മകളെന്ന അവൾ വല്ലപ്പോഴും മനസ്സിൽ ഉരുവിടു മായിരുന്നു. പണ്ടൊക്കെ സ്കൂൾ വിട്ടാൽ തന്റെ മകളും മുടി ചീ-കി വൃത്തിയാക്കി എണ്ണ തേച്ചു കൊടുത്ത് ആകർഷകമാക്കുക പിതാവിന്റെ ജോലിയായിരുന്നു. പക്ഷേ അവൾ വളർന്നു. പതി-യെ അച്ഛനിൽനിന്ന് അകലാൻ തുടങ്ങി. ഒരു ദിവസം അച്ഛന് കടുത്ത തലവേദനയും പനിയും പിടിച്ചു. അവളെ കൊണ്ട് കഴി-യും വിധം മരുന്നു സഹായമോ എന്തിന് മനസ്സ് നിറഞ്ഞൊഴു-കുന്ന വിധത്തിൽ സാന്ത്വനമൊ അവൾ പറഞ്ഞില്ല. അച്ഛന് വയ്യാത്തതകൊണ്ട് അമ്മ മറ്റു വീടുകളിൽ പോയി ദാസ്യ പണി ചെയ്തു കുടുംബം പോറ്റി.

സ്ഥിരം പോകാറുള്ള ഒരു വീട് സന്ധ്യയുടെ കൂട്ടുകാരിയായ ആൻമരിയയുടെ വീട് ആയിരുന്നു. ഇക്കാര്യം ആൻമരിയ സ്കൂളിൽ പരിഹാസ രൂപത്തിൽ പറഞ്ഞു പരത്തി. സന്ധ്യക്ക് സങ്കടം താങ്ങാവുന്നതിലും അപ്പുറമായിരുന്നു. സ്കൂൾ വിട്ട് സന്ധ്യനേരം അച്ഛന്റെ മുറിയിൽ ചെന്ന് അവശനായ അദ്ദേഹത്തെ നോക്കി പഴി പറഞ്ഞു. സന്ധ്യ പറഞ്ഞ വാക്കുകൾ അച്ഛന്റെ ഹൃദയത്തിൽ ആഴമേറിയ മുറിവുകൾ ഉണ്ടാക്കുകയും അതിൽനിന്ന് ഒരുപാട് ചോരവാർന്ന് ഒഴുകുകയും ചെയ്തു. ഒടുവിൽ അച്ഛൻ ഒരു ഓർമയായി മാറി. അച്ഛനെ വെള്ള പുതപ്പിച്ചു കിടക്കുന്ന സമയത്ത് അച്ഛന്റെ ഹൃദയത്തിൽനിന്നുള്ള ചോര പോലെ സന്ധ്യയുടെ കണ്ണിൽ നിന്നും കണ്ണുനീർ ഒലിച്ചിറങ്ങി. സംസ്കാര ശേഷം എല്ലാവരും മടങ്ങി പോയപ്പോൾ അമ്മയും സന്ധ്യയും ഒറ്റക്കായി. കുറച്ചു ദിവസത്തിന്ന ശേഷം ബന്ധുക്കളുടെ നിർബന്ധപ്രകാരം അമ്മ വീണ്ടും ഒരു വിവാഹം കഴിച്ചു. ഒരു ബിസിനസുകാരൻ. അവധിദിവസങ്ങളിൽ സന്ധ്യ അച്ഛന്റെ കൃഷിസ്ഥലത്ത് പോയി ഒന്നു രണ്ടു കളകളൊക്കെ പറിച്ച് അച്ഛനെ ഓർത്തിരിക്കും. സന്ധ്യയുടെ ജീവിതത്തിൽ അച്ഛനെ മരണശേഷം വലിയൊരു മാറ്റമാണ് ഉണ്ടായത്. മണ്ണിനേയും പുഴുക്കളെയും ചേറിനെയും അവൾ പ്രണയിച്ചു തുടങ്ങി. അമ്മ സന്ധ്യയെ സ്നേഹിക്കാതിരിക്കാൻ രണ്ടാനച്ഛൻ ഒരുപാട് ശ്രമങ്ങൾ നടത്തിയ അതിനൊടുവിൽ അത് വിജയകരമായി. അമ്മ അവളെ കൊണ്ട് ഭാരമേറിയ ജോലികൾ ചെയ്യിപ്പിച്ചു. സന്ധ്യയെ ഒറ്റക്കാക്കി പുതിയ ഭർത്താവുമായി സുഖവാസത്തിന് പോയി. സുഖവാസം കഴിഞ്ഞു തിരിച്ചു വന്നപ്പോൾ സന്ധ്യ മെലിഞ്ഞുണങ്ങി പണ്ടത്തെ ഊർജ്ജസ്വലത ആകെ പോയിരുന്നു. കുഴിയിലായ കണ്ണുകൾ. രണ്ടാനച്ഛൻ അവളെ അനാഥാലയത്തിലേക്ക് കൊണ്ടുപോകാൻ ശാഠ്യം പിടിച്ചു. പെറ്റമ്മ ഉണ്ടായിട്ടും ആരോരുമില്ലാത്ത ഇല്ലാത്തവളെപ്പോലെ

അനാഥാലയത്തിനുള്ളിൽ ഒറ്റയ്ക്കവൾ നടന്നു. അവിടുത്തെ കന്യാസ്ത്രീകൾ പറഞ്ഞാണ് അവൾ അറിയുന്നത് തന്റെ അച്ഛൻ തനിക്കായി കോടിക്കണക്കിന് സമ്പാദ്യങ്ങൾ സമ്പാദിച്ചു വെച്ചിട്ടുണ്ട് എന്നത്. സന്ധ്യയുടെ ഒരു ഒപ്പോടുകൂടി സമ്പാദ്യം മുഴുവൻ അനാഥാലയത്തിന്റേതായി മാറി. സന്ധ്യയുടെ വിശാലമനസ്സു കണ്ട് കന്യാസ്ത്രീകളുടെ കണ്ണിൽനിന്ന് കണ്ണുനീർ പൊഴിഞ്ഞു.

എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ
ക്യൂ.ആർ.കോഡ് സ്കാൻ ചെയ്യൂ



# ഒരു ഹൈസ്കൂൾ കഥ

അസ്ലം പി

ബെല്ലടിച്ചു. എല്ലാ വിദ്യാർത്ഥികളും ക്ലസ്സിൽ എത്തി. ഒരു ക്ലസിലെ ആൺകുട്ടികൾ നാലു പേര് ഭയങ്കര ഫ്രണ്ട്സ് ആയിരുന്നു. അവർ നാലും ഒരുമിച്ചാണ് സ്കൂളിൽ വരുന്നത്. അവര് മിടുക്കന്മാർ ആയിരുന്നു. ടീച്ചർമാർക്കും സാറ്മാര്ക്ക് ഇവരെ ഇഷ്ടമായിരുന്നു. കാരണം ഇവര് നല്ല അച്ചടക്കത്തിലാണ് ക്ലസ്സിൽ ഇരിക്കുന്നത്. എന്തു കുഴപ്പം വന്നാലും ഞങ്ങൾ ഒരുമിച്ച് നില്ക്കും എന്ന് അവര് പരസ്പരം പറയുകയും ഉറപ്പിച്ചതുമാണ്.

ഒരു ദിവസം മനു എന്ന കുട്ടി സ്കൂളിലേക്ക് വരുമ്പോൾ കുറച്ച് വിദ്യാർത്ഥികൾ അവനെ തടഞ്ഞു. മനു എന്ന കുട്ടി ആ നാലുപേരിൽ ഒരാളാണ് എന്നിട്ട് ഇവനെ തടഞ്ഞ വിദ്യാർത്ഥികൾ ലഹരി വസ്തുക്കൾ ഇവന് കൈമാറി. ഈ മനു എന്ന കുട്ടി അത് ഉപയോഗിച്ചു പരിസര ബോധമില്ലാതെ പെരുമാറി. മനു എന്ന കുട്ടിയുടെ മൂന്നുകുട്ടുകാർ ഇവനെ

എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ
ക്യൂ.ആർ.കോഡ് സ്കാൻ ചെയ്യൂ

കാണാതായിട്ട് കുറച്ച് ദിവസമായി അതുകൊണ്ട് അവന്റെ വീട്ടില് പോയി. എന്നിട്ട് അവന്റെ അമ്മയോട് ചോദിച്ചു: മനു എന്താണ് സ്കൂളിൽ വരാത്തത്.- അവന് കുറച്ചു ദിവസമായി സ്കൂളിലേക്ക് വന്നിട്ടില്ല.

അപ്പോൾ അവന്റെ അമ്മ നിങ്ങൾ മുകളിലേക്കു പോയിനോക്ക് അവന് അവിടെ ഉണ്ടാകും. അവർ മുകളിലേക്കു പോയി നോക്കിയപ്പോൾ അവന് ഒരു മൂലക്കെ ഭയപ്പെട്ടിരിക്കുകയായിരുന്നു. ഇവർ മനുവിനോട് ചോദിച്ചു : നിനക്ക് എന്താണ് പറ്റിയത്. അപ്പൊൾ അവൻ പരിസര ബോധമില്ലാതെ അവരോട് പെരുമാറി. അപ്പോൾ അവർ എല്ലാവരും അവന്റെ അമ്മയുടെ അടു-

ത്തേക്ക് പോയി . അമ്മ അവരോട് കാര്യങ്ങൾ പറഞ്ഞു. അവർ മനുവിന്റെ റൂമില് പോയി ലഹരി വസ്തുക്കൾ എടുത്തു കളഞ്ഞു. കുറച്ച് നാളുകൾ ശേഷം അവന് നല്ല ബുദ്ധി തോന്നി. തെറ്റു മനസ്സിലാകി. അവൻ കൂട്ടുരോട് നന്ദി പറഞ്ഞു.

## പ്ലാസ്റ്റിക് വില്ലനോ അതോ നായകനോ?

**ദേവദത്തൻ**


മനുഷ്യന്റെ ജീവിതരീതിയിൽ ഉണ്ടായ മാറ്റവും ജനപ്പെരുപ്പവുമെല്ലാം ഭൂമിയെ വലിയൊരു മാലിന്യ കൂമ്പാരം ആക്കിക്കൊണ്ട് ഇരിക്കുകയാണ്. ഉപയോഗശേഷം വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകളാണ് വഴിയിൽ എങ്ങും. പ്ലാസ്റ്റിക് പരിസര മലിനീകരണത്തിൽ വളരെ അപകടകാരിആണ്. കാരണം പ്ലാസ്റ്റിക്കിൽ അടങ്ങിയിട്ടുള്ള വിഷവസ്തുക്കൾ വായുവിനെയും മണ്ണിനേയും ജലത്തെയും ഒരുപോലെ മലിനമാക്കുന്നുണ്ട്. പ്ലാസ്റ്റിക്കുമലിനീകരണം പലതരത്തിലാണ് എവിടെ നോക്കിയാലും പ്ലാസ്റ്റിക് കുപ്പി, മറ്റുപല പാത്രങ്ങൾ, കവറുകൾ, പേനകൾ, എന്നിങ്ങനെ പ്ലാസ്റ്റിക്ക് കാണാത്ത സ്ഥലങ്ങൾ ഉണ്ടാകില്ല.

എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ ക്യൂ.ആർ.കോഡ് സ്കാൻ ചെയ്യൂ

മണ്ണിൽ അലിഞ്ഞു പോവാൻ ആവാത്ത ഈ പ്ലാസ്റ്റിക്ക് മണ്ണിലെ വായുസഞ്ചാരത്തെയും, നീരൊഴുക്കിനേയും തടസപ്പെടുത്തും.

പ്ലാസ്റ്റിക്കുകളിൽ മിക്കതും മണ്ണിൽക്കിടന്നു അനേകായിരം വർഷങ്ങൾ കഴിഞ്ഞാണ് അതുമായി അലിഞ്ഞുചേരുന്നത്. ഇത് നിർവീര്യമാക്കാൻ വളരെ പ്രയാസമാണ്. ഇങ്ങനെ പ്ലാസ്റ്റിക്ക് നിയന്ത്രണമില്ലാത്ത രീതിൽ അടിഞ്ഞു കൂടുമ്പോൾ ദ്രവിച്ചുപോകൽ നടക്കുകയുമില്ല. പിന്നെ പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർധി-

ക്കാൻ കാരണം പ്ലാസ്റ്റിക്കിന്റെ ലഭ്യതക്കൂടുതുലം, കയ്യാര്യം ചെയ്യാനുള്ള എളുപ്പവുമാണ് ഇതൊക്കെ പ്ലാസ്റ്റിക്കിന്റെ കൂടുതൽ ഉപയോഗം നമ്മിൽ ഉളവാക്കും. കൂടാതെ പ്ലാസ്റ്റിക്ക് കത്തുമ്പോൾ പുറത്തുവരുന്ന വാതകം നമ്മുടെ ശരീത്തിനു ഹാനികസമാണ്. അതുകൊണ്ട് നമ്മൾ അതിനെ കടലിലേക്ക് ഒഴുക്കിവിടും എന്നാൽ അതും ദോഷകരമാണ് അത് കടലിലെ മത്സ്യ സമ്പത്തിനെയും, കടൽ സസ്യങ്ങളെയും ബാധിക്കും ഇത് നമ്മൾക്കും അപകടകരമാണ്. പിന്നെ നമ്മൾ വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകൾ മണ്ണിൽ ഊർന്നിറങ്ങി കിണർ ജലത്തിൽ എത്തിച്ചേരുന്നു. ഇത് കുടിക്കുമ്പോൾ അതും നമുക്ക് പ്രശ്നം ആവുന്നു. ഇതൊക്കെ തിരിച്ചറിഞ്ഞു പല രാജ്യങ്ങളും പ്ലാസ്റ്റിക്കിന്റെ നിരോധന പ്രക്രിയയിൽ പങ്കെടുക്കുണ്ട്.



കൂട്ടുകാരെ ഇനിയും ഒട്ടേറേ കാര്യങ്ങളുണ്ട് പറയാൻ. പിന്നെ ഒരിക്കലാവാം....

## ആഗ്രഹം

ഫാത്തിമ ഹിബ

മലനകുടി എന്ന ഗ്രാമത്തിലെ ഒരു പെൺകുട്ടിയാണ് പാർവ്വതി. ഒരു കൊച്ചു വീട്ടിലാണ് താമസം. വളരെ അധികം പാവപ്പെട്ട വീട്ടിലെ കുട്ടിയാണ്. പാർവ്വതിയുടെ അച്ഛൻ കൃഷ്ണൻ. അവർ ഒരു അന്ധനാണ്. അമ്മ മീനാക്ഷി ആണ് ആ കുടുംബം മുന്നോട്ടു കൊണ്ടു പോകുന്നത്. വലിയ വീട്ടിൽ പോയി ജോലി ചെയ്താണ് പാർവ്വതിയെ പഠിപ്പിക്കുന്നത്. പാർവ്വതി സർക്കാർ സ്കൂളിലാണ് പഠിക്കുന്നത്. നന്നായി പഠിക്കുന്നവ

ളാണ് പാർവ്വതി. പത്താം ക്ലാസിലാണ് പഠിക്കുന്നത്. ഒരു ദിവസം ടീച്ചർ ക്ലാസിൽ വന്നു കൊണ്ട് പറഞ്ഞു "ഓരോരുത്തരും അവരവരുടെ ആഗ്രഹം പറയുക" ആദ്യം തന്നെ ടീച്ചർ ചോദിച്ചത് പാർവ്വതിയോടാണ്. അവൾ ഒന്നും മിണ്ടിയില്ല. ടീച്ചർ ചോദിച്ചു "നിനക്ക് ആഗ്രഹങ്ങൾ ഒന്നും ഇല്ലേ ".. അപ്പോൾ ക്ലാസിലെ ഒരു കുട്ടി പറഞ്ഞു "അവൾക്ക് എങ്ങനെ ആഗ്രഹം ഉണ്ടാകാനാ..അവളുടെ അച്ഛൻ കണ്ണുപൊട്ടൻ അല്ലേ.. അമ്മ ആണേൽ വല്ലവന്റേയും എച്ചിൽ കഴുകാൻ പോകുന്നവളും. ആകെ ഭക്ഷണം കഴിക്കാനുള്ള കാശ് തന്നെ ഇല്ല. എന്നിട്ടല്ലേ അവളുടെ ആഗ്രഹം സാധിക്കുന്നത്." എന്ന് പറഞ്ഞു കൊണ്ട് പരിഹസിച്ചു.

അവൾക്ക് സങ്കടം അടക്കാനായില്ല. അന്ന് മുതൽ അവൾ തീരുമാനിച്ചു ഒരു കണ്ണ് ഡോക്ടർ ആകണം എന്ന്. പാർവ്വതി അമ്മയോട് പറഞ്ഞു "എനിക്ക് കണ്ണ് ഡോക്ടർ ആകണം. എന്നിട്ട് എന്റെ അച്ഛന്റെ കണ്ണ് സുഖപ്പെടുത്തണം". മീനാക്ഷി (അമ്മ) പറഞ്ഞു "മോൾ നന്നായി പഠിക്കണം. ഞാൻ എങ്ങിനെയെങ്കിലും മോള്ടെ ആഗ്രഹം നിറവേറ്റും" പാർവ്വതി പത്താം ക്ലാസ് കഴിഞ്ഞു നല്ല മാർക്കോടെ വിജയിച്ചു. മീനാക്ഷി അവളെ പഠിപ്പിക്കുന്നതിന് വേണ്ടി ജോലി ചെയ്യുന്ന വീട്ടിൽ നിന്നും കാശ് കടം വാങ്ങി. അവൾ പഠിച്ചു കണ്ണ് ഡോക്ടർ ആയി. അച്ഛന്റെ കണ്ണ് സുഖപ്പെടുത്തി. അവൾക്ക് പഠിക്കാൻ ആവശ്യമായ കാശ് തിരിച്ചു കൊടുത്തു. അവളാണ് മലനകുടിയിലെ ആദ്യത്തെ ഡോക്ടർ.

**എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ**
**ക്യു.ആർ.കോഡ് സ്കാൻ ചെയ്യൂ**

# കുറുക്കനും കോഴിയും

ഫാത്തിമ ഷംല

എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ ക്യൂ.ആർ.കോഡ് സ്കാൻ ചെയ്യൂ

ഒരിക്കൽ ഒരു നാട്ടിൽ ഒരു സുന്ദരിക്കോഴി ഉണ്ടായിരുന്നു. സുന്ദരി കോഴി കുറെ മുട്ട ഇട്ടു. മുട്ട വിരിയാൻ ആയി. അവൾ അടയിരിക്കുമ്പോൾ ഒരു കുറുക്കൻ അതുവഴി വന്നു. എന്നിട്ട് അവളെ പിടിച്ച് തിന്നാൻ വേണ്ടി അവളുടെ മേലേക്ക് ചാടി. അപ്പോൾ സുന്ദരി കോഴി പറഞ്ഞു: എന്താ ചേട്ടാ ചേട്ടന്റെ ഭാവം എന്നെ പിടിച്ച് തിന്നാൻ ആണോ ? അപ്പോൾ കുറുക്കൻ ചിന്തിച്ചു അല്ല പിന്നെ നല്ല ചോദ്യം. സുന്ദരി പറഞ്ഞു ചേട്ടാ ഈ മുട്ടകൾ വിരിയാൻ വച്ചിരിക്കുന്നത് വരെ ഒന്ന് ക്ഷമിച്ചുകൂടേ? എങ്കിൽ മുന്നു നാലു എണ്ണത്തിനെ തിന്നാം. അത്കൊണ്ട് ചോദിച്ചതാണ് ട്ടോ. സുന്ദരി പറഞ്ഞത് ശരിയാണല്ലോ കുറുക്കന് തോന്നി. മുട്ട വിരിഞ്ഞാൽ മൂന്നു നാലു എണ്ണത്തിനെ തിന്നാം. നല്ല ഉഗ്രൻ സദ്യ തന്നെയാകും എന്ന് ചിന്തിച്ച് കൊണ്ട്





കുറുക്കൻ പറഞ്ഞു: ശരി ശരി അങ്ങനെ തന്നെയാകട്ടെ. കുറുക്കൻ നടന്ന് അകന്നു. ഒരു ആഴ്ച കഴിഞ്ഞപ്പോൾ കുറുക്കൻ വീണ്ടും സുന്ദരി കോഴിയുടെ കൂടിന് അടുത്ത് എത്തി. എന്നിട്ട് പറഞ്ഞു: ഓ സുന്ദരി നീ ഇങ്ങ് പുറത്ത് വാ.- എന്താ നിന്റെ മുട്ടകൾ എല്ലാം വിരിഞ്ഞോ? അപ്പോൾ സുന്ദരി: - ഓ വിരിഞ്ഞല്ലോ. ഞാൻ എന്റെ കുഞ്ഞുങ്ങളെ ഉറക്കുകയാണ്. അപ്പോൾ കുറുക്കൻ ദേഷ്യത്തോടെ നീ എന്താണ് പറഞ്ഞത് കുഞ്ഞുങ്ങളെ ഉറക്കുകയാണ് എന്നൊ:- നല്ല കഥ ഞാൻ ഇപ്പോൾത്തന്നെ നിന്നെ തിന്ന് കളയും. കുറുകൻ കോഴിയെ പേടിപ്പിച്ചു അപ്പോൾ കോഴി: എടോ മരമണ്ടൻ കുറുക്കാ , ഞാൻ ഇപ്പോൾ എന്റെ കൂട്ടിനുള്ളിലാണ് ഉള്ളത്. നീ എന്നെ എങ്ങനെ പിടിക്കും? ഞാൻ ഇപ്പോൾ ഒച്ചവച്ചാൽ നാട്ടുകാർ ഓടി വരും. അത് കേട്ട് കുറുക്കൻ പേടിച്ച് ഓടി പോയി. കോഴിയും കുഞ്ഞുകളും അങ്ങനെ രക്ഷപ്പെട്ടു.

# മാതൃത്വം ഒരു വരം

**ഫർമിദ ഫർഹത്**

എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ ക്യൂ.ആർ.കോഡ് സ്കാൻ ചെയ്യൂ

ഒരു ഗ്രാമത്തിൽ ഒരു അമ്മയും മകളും ജീവിച്ചിരുന്നു. അമ്മ മകളെ വളരെ കഷ്ടപ്പെട്ടാണ് വളർത്തിയത്. കഷ്ടപ്പാട് ഒന്നും മകളെ അമ്മ അറിയിച്ചിരുന്നില്ല. അമ്മ മകളെ അങ്ങേയറ്റം സ്നേഹിച്ചിരുന്നു. മകൾ വളരെ വലിയ ആളാകണം എന്നായിരുന്നു അമ്മയുടെ ആഗ്രഹം. കുറച്ചു നാളുകൾക്കു ശേഷം മകൾ പഠിച്ച് വളരെ നല്ല ജോലി കരസ്ഥമാക്കി. അങ്ങനെ മകൾ ജോലിക്ക് വേണ്ടി അമേരിക്കയിലേക്ക് ഒരു വർഷത്തിനു പോയി. അവിടെ ജോലി ചെയ്യാനാരംഭിച്ചു. അമ്മയോടുള്ള സംസാരം കുറയാനും അകലാനും തുടങ്ങി. അവളെപ്പറ്റി ഒരു വിവരവും പിന്നീട്

ഇല്ലാതായി.അങ്ങനെ കുറച്ചു നാളുകൾക്കു ശേഷം അവർ അവരുടെ നാട്ടിൽ എത്തി. നാ-ട്ടിൽ പോയത് അമ്മയെ കാ-ണാൻ ഒന്നുമായിരുന്നില്ല. അവിടെയുള്ള അഞ്ചേക്കർ ഭൂ-മിയിൽ ഫ്ലാറ്റ് പണിയായിരുന്നു. അപ്പോൾ അവരുടെ നാട്ടിലുള്ള ആളുകളോട് ചോദിച്ചു നീ നിന്റെ അമ്മയെ അമേരിക്കയി-ലേക്ക് കൊണ്ടു പോകുന്നില്ലേ? ഫ്ലാറ്റ് പണികഴിയുമ്പോൾ വൃ-ദ്ധസദനത്തിൽ നിന്ന് കൊണ്ടു-വരാമെന്ന് മകൾ പറഞ്ഞു. ഇത് അമ്മ അറിഞ്ഞപ്പോള് പറഞ്ഞ-ത് അത് തന്നെയാണ് നല്ലത്. ഞാൻ കാരണം നിന്റെ ജോലി തടസ്സം ആകേണ്ട. അങ്ങനെ അമ്മ നിറഞ്ഞ കണ്ണുകളോടെ പറഞ്ഞു. എന്നാലും വേണ്ടില്ല എൻറെ മകൾ സന്തോഷ-ത്തോടെയും സമാധാനത്തോ-ടെയും ജീവിക്കാൻ എനിക്ക് അതുമതി സ്നേഹവും വേണം ഇപ്പോഴത്തെ തലമുറയ്ക്ക് ഒരു ഗുണപാഠം ആകട്ടെ ഇതാണ് അമ്മ മനസ്സ്.



# അപ്പുവിന്റെ സങ്കടം

മുഹമ്മദ് സൈദ് വി

എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ
ക്യൂ.ആർ.കോഡ് സ്കാൻ ചെയ്യൂ

പതിവ്പോലെ ആ ചെറുകുടിലിലേക്ക് വെളിച്ചം കയറി. അപ്പൂ അവന്റെ അമ്മയെ നീട്ടി വിളിച്ചു. അപ്പു എന്നത് ഒരു പതിനൊന്നു വയസ്സുകാരനാണ്. അവൻ കിടപ്പുമുറിയിലിരുന്ന് സ്വപ്നം കാണുകയാണ്. അമ്മ അവനെ സ്വപ്നത്തിൽ നിന്ന് തട്ടി എഴുന്നേൽപ്പിച്ചു. അമ്മ അവനോട് ചോദിച്ചു ``നീ എന്താ ഇങ്ങനെ ഇരിക്കുന്നത്? നിനക്ക് സ്കൂളിൽ പോകണ്ടേ?' അമ്മേ അച്ഛൻ എന്നാണ് ഇനി നമ്മളെ കാണാൻ വരുന്നത്?' അപ്പുവിന്റെ ആ ചോദ്യം അമ്മക്ക് മനസിലായി. ഇവൻ ഇത്രയും നേരം അവന്റെ അച്ഛനെ ഓർത്തിരിക്കുകയായിരുന്നു എന്ന്. അവന്റെ മുഖത്തേക്ക് നോക്കി അറിയില്ല മോനേ എന്നും പറഞ്ഞു കൊണ്ട് അമ്മ അടുക്കളയിലേക്ക് പോയി. അവൻ സ്കൂളിൽ പോകാൻ ഒരുങ്ങുമ്പോഴാണ് സന്തോഷത്തോടെ അമ്മ അവന്റെ അരികിൽ എത്തിയത് മോനേ അച്ഛൻ നാളെ വരുന്നുണ്ടെന്ന് ഇപ്പോൾ വിളിച്ചതെ ഒള്ളു. അപ്പുവിന്റെ സന്തോഷം പറഞ്ഞറിയിക്കാനായില്ല. അവന്റെ സ്വപ്നം ഫലിച്ചു. അവൻ സ്കൂളിൽ പോകാൻ സമയമായി. സ്കൂളിൽ പോകുന്ന വഴിയിലെല്ലാം അവന്റെ മനസ്സിൽ അച്ഛൻ മാത്രമേ ഉണ്ടായിരുന്നുള്ളു. അവന്റെ അച്ഛൻ പോയിട്ട് പത്തു കൊല്ലത്തിലധികം ആയിരുന്നു. സ്കൂളിലെ കൂട്ടുകാർ അവന്റെ മുഖത്തെ സന്തോഷം കണ്ട് കാര്യം തിരക്കി. കൂട്ടുകാരുടെയും ടീച്ചർമാരുടെയും പ്രിയങ്കരനായിരുന്നു അപ്പു. സ്കൂളിൽ എത്തിയപ്പോൾ എങ്ങനെയെങ്കിലും ഒന്ന് വൈകുന്നേരം ആയാൽ മതി എന്നായി. അങ്ങനെ വൈകുന്നേരം ആയി സ്കൂൾ വിട്ടു അപ്പു വീട്ടിലേക്ക് ഓടി പോയി. അമ്മയെന്ന നീട്ടിയ വിളിയുമായി അവൻ വീട്ടി-

ലെത്തി. അവന്റെ മനസ്സിൽ അച്ഛനെ ഓർക്കാൻ മാത്രമേ അവൻ സമയം ഉണ്ടായിരുന്നുള്ളൂ. പിന്നെ അവൻ കുളിച്ചു വൃത്തിയായി ഭക്ഷണം കഴിച്ചു. പിന്നെ അവന് ഓടിയത് അച്ഛനെ ക്ഷണിക്കാൻ വേണ്ടി കോലായിലേക്കാണ്. അവന്റെ ചെറുപ്രായത്തിൽ ആണ് അച്ഛൻ പോയത്. അതുകൊണ്ട് അച്ഛന്റെ ചെറിയൊരു മുഖച്ഛായ മാത്രമേ അവന്റെ മനസ്സിൽ തെളിയുന്നുള്ളൂ അപ്പു അവരുടെ ഏകമകനാണ്. അച്ഛൻ വരാമെന്ന് പറഞ്ഞ സമയം കഴിഞ്ഞു. അമ്മയും അപ്പുവും കാത്തിരുന്നു മടുത്തു. അമ്മ അച്ഛന്റെ ഫോണിലേക്ക് വിളിച്ചു നോക്കി എടുക്കുന്നില്ല. കാത്തിരുന്ന് കാത്തിരുന്ന് അപ്പു മുറിയിലേക്ക് പോയി അവന്റെ കിടക്കയിൽ കിടന്ന് ആലോചിച്ചു. എന്റെ അച്ഛൻ എന്താ വരാത്തത്? ഇനി എന്റെ അച്ഛന് എന്തെങ്കിലും പറ്റിയോ? അവന്റെ മനസ്സിൽ ദുഷ്ചിന്തകൾ നണച്ചു കയറി. ഇല്ല എന്റെ അച്ഛന് ഒന്നും ഇല്ല. അവൻ സാവധാനം ഉറക്കത്തിലേക്ക് വീണു. ധാരാളം ആളുകളുടെ സംസാരവും ബഹളവും കേട്ടാണ് അപ്പു അന്ന് രാവിലെ ഉണർന്നത്. നോക്കുമ്പോൾ എല്ലാവരും ദുഃഖത്തിലിരിക്കുന്നു. അമ്മയെ അവിടെ എങ്ങും കാണുന്നില്ല. മുറ്റത്ത് നിറയെ ആളുകൾ എന്തോ കൂട്ടം കൂടി നിന്ന് പലകാര്യങ്ങളും ചർച്ച ചെയ്യുന്നു. അപ്പുവിനെ ഒന്നും മനസ്സിലായില്ല. അവൻ അമ്മയെ വിളിച്ചു നോക്കുമ്പോൾ അമ്മ അവിടെ ഒരു മൂലയിൽ ഇരിക്കുന്നു അവൻ അമ്മയുടെ അടുത്ത് പോയി കാര്യം അന്വേഷിച്ചു. അമ്മയ്ക്ക് അപ്പോൾ ഒന്നും പറയാൻ കഴിയാത്ത അവസ്ഥയിലായിരുന്നു. എല്ലാവരും മുറ്റത്തേക്ക് ഓടുന്നത് കണ്ടു നോക്കുമ്പോൾ ഒരു വാഹനത്തിൽ വെള്ളത്തുണിയിൽ പൊതിഞ്ഞ ഒരു ശരീരം പുറത്തെടുത്തു. 'എന്റെ അച്ഛൻ' അവൻ സ്വയം പറഞ്ഞു. ഇത്രയും ദിവസം കാത്തിരുന്നിട്ട് കണ്ടത് അച്ഛനെ വെള്ള തുണിയിൽ പൊതിഞ്ഞതാണ്. വരുന്ന വഴിയിൽ ഏതോ വാഹനാപകടത്തിൽ പെട്ടതാണ്. അപ്പു വി-

ന്റെ വിഷമം അമ്മക്ക് അല്ലാതെ വേറെ ആർക്കും മനസ്സിലായിരുന്നില്ല. അപ്പൊ അന്നാണ് മനസ്സ് ഇത്രയും വേദനിപ്പിച്ച ദിവസം.

## അമ്മ

മുഫീദ

എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ
ക്യൂ.ആർ.കോഡ് സ്കാൻ ചെയ്യൂ

അമ്മ എന്ന രണ്ടക്ഷരത്തിൽ
സ്നേഹം എല്ലാം പൊതിഞ്ഞു
വെച്ച്
എന്നുമെന്നും
മനസ്സിനുള്ളിൽ ഓർക്കുന്നൊരു
വാക്ക്...

അറിവിന്റെ ആദ്യാനുരാഗം
ചോറിനൊരു അമ്മയാണ്
സത്യം
ലോകത്തിലെ നല്ലൊരു അമ്മ
തന്നെ എന്നും..
സ്നേഹം ഉണ്ട് വഞ്ചനയില്ല
നോവുകൾ ഉണ്ട് ദേഷ്യവുമില്ല
നേരിന്റെ വഴി തെളിയിച്ച അമ്മയാണ് എന്നിൽ വലുത്...
ദൂരെ ദിക്കിൽ നിന്നും അമ്മയുടെ വിളികൾ കേട്ടാൽ എൻ ഉള്ളിൽ തട്ടി വിളിക്കുത്തരം നൽകും ഞാൻ എന്നും...
മധുരമൂറും അമ്മയുടെ മുഖമെന്നും എൻ മനസ്സിൽ ആദ്യം മുതൽ എന്നും മായാതെ...

## നീ എവിടെ...?

ശ്രീരാഗ്

എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ
ക്യൂ.ആർ.കോഡ് സ്കാൻ ചെയ്യൂ

വിജനമാം വീഥിയിലാണോ
അതോ,
അംബരമേഘങ്ങളാൽ
മറക്കപ്പെട്ടതോ
ആഴക്കടലിൽ മുങ്ങി
താഴ്ന്നതാണോ
അറിയില്ല,
അറിയുന്നില്ല,
ഇനിയറിയുമോ-
യെന്നറിയില്ല
മനസേ... നീ... എവിടെ...
കാറ്റിനു സമാന്തരമായ്
നൂലറ്റ പട്ടമായ് ഞാൻ
എന്തെന്നറിയില്ല

എന്തിനെന്നറിയില്ല
എന്തുകൊണ്ടെന്നുമറിയില്ല
ഞാൻ,
ഞാനല്ലതായ് മാറുന്നു
കാറ്റിലെ കരിയില
കണക്കെ........
കാറ്റോ,
അതോ,
കരിയിലയോ ഞാൻ
മനസേ നീ എവിടെ..?

## ലക്ഷ്യമാണ് പ്രധാനം

സാരംഗി. സി 8A

അനുവിന് വലുതായിക്കഴിയുമ്പോൾ എന്താണ് ലക്ഷ്യം എന്ന് ഒരിക്കൽ എട്ടാം ക്ലാസിലെ മലയാളം ടീച്ചർ ചോദിച്ചു. അവൾ ധൈര്യപൂർവ്വം പറഞ്ഞു, എന്റെ ലക്ഷ്യം ബഹിരാകാശ യാത്രയാണ് എന്ന്. ഞാൻ ജീവിക്കുന്ന ഭൂമിയെ എനിക്ക് നേരിൽ കാണാനാണ് ആഗ്രഹം. നിന്റെ ലക്ഷ്യം സഫലമാകട്ടേ എന്ന് ടീച്ചർ പറഞ്ഞു. എന്നാൽ ക്ലാസിലെ കുട്ടികൾ എല്ലാം അവളെ പരിഹസിക്കുക മാത്രമാണ് ചെയ്തത്. കാരണം അവൾ പാവപ്പെട്ട വീട്ടിലെ ഒരുവളായിരുന്നു. അച്ഛനില്ലാതെ അവളെ വളർത്തിയിരുന്നത് അവളുടെ അമ്മയായിരുന്നു. അച്ഛന്റെ മരണം അവരെ ദുരിതത്തിലാഴ്ത്തി.

അന്യ വീടുകളിൽ പോയി ജോലി ചെയ്ത് ലഭിക്കുന്ന തുച്ഛമായ പണം കൊണ്ടാണവർ ജീവിതം മുന്നോട്ടു നീക്കിയിരുന്നത്. അവൾ എപ്പോഴും തന്റെ സങ്കടങ്ങൾ ഉള്ളിൽ ഒതുക്കിയിരുന്നു. സ്കൂളിലെ മിടുക്കിയായിരുന്നു അവൾ. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം അവൾ തന്റെ ലക്ഷ്യത്തിനു വേണ്ടി പ്രയത്നം ആരംഭിച്ചു. പക്ഷെ സാമ്പത്തികശേഷി കുറവായതിനാൽ പഠനം പാതി വഴിയിൽ

എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ
ക്യൂ.ആർ.കോഡ് സ്കാൻ ചെയ്യൂ

ഉപേക്ഷിക്കണമെന്ന അവസ്ഥ-യിലായി. ഇതിനിടയ്ക്കാണ് അവ-ളെ ഒരു സ്കോളർഷിപ്പ് വരവേറ്റത്. ആ സ്കോളർഷിപ്പാ-ണ് അവളെ ഉയരത്തിൽ എത്തിച്ചത്. സ്കോളർഷിപ്പ് ലഭി-ച്ചതിനുശേഷം അവളുടെ പഠന-ച്ചെലവുകൾ സർക്കാർ വകയായിരുന്നു. ഒരുപാട് പരിശ്രമ-ത്തിനു ശേഷമാണ് അവൾ ബഹിരാകാശത്തെത്തിയത്. ഭൂ-മിയെ ഒരു നോക്ക് കാണാൻ കഴിഞ്ഞതിൽ അവൾക്ക് അതി-യായ സന്തോഷമുണ്ടായിരുന്നു. തിരിച്ചെത്തിയപ്പോൾ അവളെ രാജ്യം വാനോളം ഉയർത്തി. അന്ന് അവളെ പരിഹസിച്ചവർ ഇന്ന് അവളെ അസൂയയോടെ ഉറ്റുനോക്കുന്നു. അവൾ തന്റെ വിജയത്തിൽ അഭിമാനിച്ചു. അതിനു ശേഷം അനു തന്റെ ആത്മകഥ രചിക്കുകയുണ്ടായി. ലക്ഷ്യമാണ് പ്രധാനം എന്നാ-യിരുന്നു അവളുടെ ആത്മകഥ-യുടെ പേര്. പിന്നീടവൾ ലോക പ്രശസ്തയായി. എങ്കിലും അവൾ വന്ന വഴി മറന്നിട്ടുണ്ടായിരു-ന്നില്ല.

## വിമാനം

**സായൂജ് സിടി**

ഒരിടത്ത് ജോസഫ് എന്ന മിടു-ക്കനായ ഒരു കുട്ടി ഉണ്ടായിരു-ന്നു. അച്ഛനും അമ്മയും അനിയത്തിയും അടങ്ങുന്ന കു-ടുംബമായിരുന്നു അവന്റേത്. കൂലിപ്പണി ചെയ്താായിരുന്നു ജോസഫിന്റെ അച്ഛൻ അവന്റെ കുടുംബത്തെ മുന്നോട്ടു കൊ-ണ്ടുപോയിരുന്നത്. പഠിക്കാൻ മിടുക്കനായിരുന്ന ജോസഫിന് ഒരു പൈലറ്റ് അവനായിരുന്നു ആഗ്രഹം. തന്റെ ആഗ്രഹം ജോ-സഫ് സുഹൃത്തുക്കളോട് ഒരി-ക്കൽ പറഞ്ഞു. പക്ഷെ എല്ലാവരും അവനെ കളിയാ-ക്കുകയും പരിഹസിക്കുകയും ആണ് ചെയ്തത്.

ജോസഫിന് തന്റെ ആഗ്രഹം സാധിച്ചെടുക്കാനുള്ള യാതൊരു വിധ സാഹചര്യവും ഇല്ലാതിരു-ന്നതിനാൽ അവൻ സ്വപ്രയത്ന-ത്താൽ കഠിനമായി പഠിക്കു കയും തന്റെ ലക്ഷ്യത്തിലേക്ക് കുതിക്കുകയും ചെയ്തു. അങ്ങി-നെ ജോസഫ് തന്റെ പഠനാവ-ശ്യത്തിനായി മറ്റൊരു നാട്ടി

ലേക്ക് പോയി. അങ്ങനെ ഇരിക്കെ ജോസഫിന്റെ അച്ഛന് കഠിനമായ നെഞ്ച് വേദന വരുകയും ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. പക്ഷെ തിരിച്ചു നാട്ടിലേക്ക് വരാനുള്ള പണമില്ലാത്തതിനാൽ ജോസഫിന് ആ സമയത്ത് അച്ഛന്റെ കൂടെ ഉണ്ടാവാൻ സാധിച്ചില്ല. വൈകാതെ അവന്റെ അച്ഛൻ മരണപെട്ടു. പിന്നീട് കാലങ്ങൾക്കു ശേഷം പഠനം പൂർത്തിയാക്കി ഒരു പൈലറ്റ് ആയി ജോസഫ് നാട്ടിലെത്തി. എന്നാൽ തന്റെ നാട്ടുകാരൊന്നും തന്റെ വിജയത്തെ അംഗീകരിക്കുന്നില്ല എന്ന് ജോസഫ് സങ്കടത്തോടെ മനസിലാക്കി. സ്വന്തം അച്ഛനെ അവസാന നാളുകളിൽ വന്നു കാണുകയോ പരിചരിക്കുകയോ ചെയ്യാത്ത മകനാണ് ജോസഫ് എന്ന് എല്ലാവരും അവനെ കുറ്റപ്പെടുത്തി. സങ്കടത്തോടെ എങ്കിലും അവനതിനൊന്നും ചെവി കൊടുത്തില്ല. കുറച്ചു നാളുകൾക്കു ശേഷം ജോസഫിന് ചാർജുണ്ടായിരുന്ന വിമാനം ഒരു അപകടത്തിൽ പെടുകയും അത് രാജ്യം മുഴുവൻ ഉറ്റുനോക്കിയ ഒരു വാർത്ത ആവുകയും ചെയ്തു. എന്നാൽ ജോഫിന്റെ അവസരോചിതമായ ഇടപെടൽ മൂലം ആ അപകടം ഒഴിവാവുകയും ചെയ്തു. അങ്ങനെ ജോസഫിന് അനേകം ജീവനുകൾ രക്ഷപ്പെടുത്താനും സാധിച്ചു. അങ്ങനെ ജോസഫ് രാജ്യം മുഴുവൻ സ്നേഹത്തോടെയും നന്ദിയോടെയും ഓർക്കുന്ന വ്യക്തിയായി മാറി. ജോസഫിനെ പരിഹസിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്ത സ്വന്തം നാട്ടുകാർ ജോസഫിനെ ഓർത്തു അഭിമാനിക്കാൻ തുടങ്ങി. ഒപ്പം അഭിനന്ദിക്കാനും. അപ്പോഴും ജോസഫ് തന്റെ അച്ഛനെ ഓർത്തു കരയുകയായിരുന്നു.

എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ
ക്യു.ആർ.കോഡ് സ്കാൻ ചെയ്യൂ

# ഉമ്മച്ചി കുട്ടി

ഷംല റഹ്മ

എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ
ക്യൂആർ.കോഡ് സ്കാൻ ചെയ്യൂ


കുളിരുള്ള ഒരു പ്രഭാതം. തെളിഞ്ഞ ആകാശം സൂര്യൻ ഉദിച്ചിരിക്കുന്നു ചുറ്റുപാടും നല്ല പച്ചപ്പ്. എന്താണ് പറയുക അത്രയും മനോഹരമായ ഗ്രാമം. എണീക്ക് മോളെ നേരായ്ക്ക്ണ് ഇന്ന് സ്കൂൾക്ക് പോണ്ടേ. എന്താണ് ഉമ്മ, ഇന്ന് മദ്രസയില്ലല്ലോ. മോളെ ഒൻപത് മണി ആയിക്ണ്ന്ന് കേട്ടപാടെ തന്നെ പാത്തു കിടകേന്ന് എണീറ്റു. വേഗം പോയി പല്ലു തേച്ചു കുളിച്ചു. അവൾ അവളുടെ യൂണീഫോം ധരിച്ചു. പാത്തുനെപ്പറ്റി കൂടുതലായി പറഞ്ഞാൽ ഒരു ദരിദ്ര്യ കുടുമ്പമാണ്. അവൾക് അവളുടെ ഉപ്പാനെ അവൾക് ആറ് വയസ്സാപ്പോൾ അവളെ വിട്ടു പോയി. അവൾക്കൊരു ഇത്താത്ത യുണ്ട്. നല്ല മൊഞ്ചത്തി ഇത്താത്ത ഷഹാന. ഉമ്മ അടുക്കളയിൽ നിന്ന് അവളെ വിളിച്ചു പാത്തു വേഗം വാ അനക്കുള്ള കടി താ ഇവിടെ ഇട്ത്ത് വച്ച് ക്ക് ണ്. പാത്തു വേഗം കടി തിന്നിട്ട് സ്കൂൾക്ക് പോയി. നല്ല വണ്ണം പഠിക്കുന്ന കുട്ടിയായിരുന്നു പാത്തു. അവൾ അഞ്ചിലാണ് പഠിക്ക്ണത്. അവൾക്ക് വളരെ ഇഷ്ട്ടായിരുന്നു കൂട്ടുകാരികളെ കിട്ടാൻ. എന്നാൽ നിർഭാഗ്യ വശാൽ അവൾക്ക് കൂട്ടുകാരികളില്ല. എല്ലാവരും അവളിൽ നിന്നും വിട്ട് നിൽക്കാൻ ശ്രമിച്ചു. കൂടാതെ നിറത്തിന്റെ പേരിൽ വിഭജിച്ച് കണ്ടിരുന്നു. അവൾക്ക് ഇത് വല്ലാതെ അവളുടെ മനസിനെ വല്ലാതെ അലട്ടി. ക്ളാസ് വിട്ട് പോകുന്ന സമയത്തു കുറേ കുട്ടികളുടെ ഉപ്പാര് അവരുടെ കുട്ടികളെ വീട്ടിലേക്ക് കൊണ്ടു പോകാൻ വേണ്ടി സ്കൂളിലേക് വരുമായിരുന്നു. അപ്പോൾ അവൾ ഒരുപാട് പറയുമായിരുന്നു. എനിക്കും ഉപ്പയുണ്ടായിരുന്നുവെകിൽ എന്തു രസമായിരിക്കും.

ഉടുപ്പും മാലയും വളയു എനി-ക്കും എന്റെ ഉമ്മാക്കും ഇത്താ-ത്താക്കും വാങ്ങി തന്നിട്ടു ണ്ടാവും.

അങ്ങനെ അവൾ വീട്ടിലെത്തി. നാളെ പാത്തൂ ന്റെ പിറന്നാളാ-ണ് ഷഹാന പറഞ്ഞു. ഇത് കേട്ട് ഉമ്മ പറഞ്ഞു ന്റെ മോൾ-ക് ഒരു പുടി ബിരിയാണി പോ-ലും വാങ്ങി കൊടുക്കുവാൻ ഇന്നത്കൊണ്ട് കഴിയ്ണില്ല-ല്ലോ റബ്ബേ. ഇത് കേട്ട് പാത്തു ഉമ്മാ ന്ക് ഒന്നും വാണ്ട. ന്ക് ഇന്റെ വഫാത് വരെ ന്റെ ഉമ്മ കൂടെ ഇണ്ടായാൽ മതി. ഇത് കേട്ട ഉമ്മ ശഹാനനെയും പാ-ത്തൂനേയും കെട്ടി പിടിച്ചു കൊ-ണ്ടൊരു കരച്ചിൽ ന്റെ റബ്ബേ ന്റെ മക്കളെ പ്രാർത്ഥന ഇജ് കേക്ക് ന്റെ മകൾക്കൊരു നല്ലൊരു ജീവിതം കൊടുക്. അങ്ങനെ അത് കേട്ട പാത്തു ഉമ്മാന്റെ കവിൾ തടങ്ങളിൽ ഒരു ഉമ്മവെച്ചു കൊടുത്തു. ഉമ്മാക്ക് സന്തോഷമായി. പാ-ത്തു സ്കൂൾക് പോയി. അവൾ അവളുടെ ഉമ്മനെപ്പറ്റി വല്ലാതെ ആലോചിച്ചു. ഇൻക്കു ഇങ്ങനെ ഒരു ഉമ്മാനെ കിട്ടിയതിൽ റബ്ബിനോട് എന്നും കടപ്പെട്ടവള-യിരിക്കും. പാത്തു തിരിച്ച് വീട്ടി-ലേക്ക് വന്നു. തന്റെ വീടിന്റെ മുമ്പിൽ നിറയെ ആളുകളുണ്ടാ-യിരുന്നു. അവൾ ഉമ്മാനെ വി-ളിച്ചുകൊണ്ട് അകത്തേക്ക് കയറി. പക്ഷെ ഉമ്മാനെ കണ്ടി-ല്ല. ഇത്താത്ത കാരഞ്ഞോണ്ട് അതാ ഒരു വെള്ള വിരിപ്പിന്റെ മുമ്പിൽ നിന്ന് ഖുർആൻ പിടിച്ച് ഓതാണ്. ഞാൻ വിരിപ്പിന്റെ അടുതേക്ക് നീങ്ങി. ഇത്താത്ത അപ്പൊ പൊട്ടി കരഞ്ഞു. പാ-ത്തോ തുറക്കല്ലേ മോളെ ഇജ് ഇവിടുന്ന് പൊയ്ക്കോ. പാത്തു തുറന്നപ്പോൾ കണ്ടത് ഇന്നാ-ഹ്ലില്ലാഹി വഹിഞ്ഞാ ഇലൈ-ഹി രാജിഹൂൻ യാ അള്ളാ ഇജ് ഇന്റെ ഉമ്മാനെ ന്റെ അടു-ത്ത് നിന്ന് ഇന്നേ പറിചെടുത്ത-ത്തില്ലേ. ഇനി എനിക്ക് കൂട്ടിന് ആരുമില്ല റബ്ബേ ... അതാ മയ്യി-ത്ത് പോകണ ലാഹിലഹ ഇല്ലാഹു ലഹില ഇല്ലാള്ള. വീട് ശാന്തമായി. ഉമ്മ അവളുടെ മനസിലെ ഓരോ മുക്കിലും മൂ-ലയിലും ഒളിച്ചിരുന്നു പോലെ അവൾക്ക് തോന്നി. കുറച്ചു

മാസങ്ങൾക് ശേഷം ഇത്താതന്റെ കല്യാണം കഴിഞ്ഞു. പാത്തുനെ ഏലപ്പന്റെ വീട്ടിലെ ജോലിക്കരിയാക്കി. സ്കൂൾ പത്ത് വരെ പഠിച്ചു. പിന്നെ അവൾക്കൊരു തൊഴിൽ അവസരം അവിടുത്തെ ഹാജിയർ അവൾക്ക് അവിടുത്തെ സ്കൂളിലെ ടീച്ചാറായി ജോലി ചെയ്യാൻ അവസരം കൊടുത്തു. അവൾ വിദ്യാർത്ഥികൾക്ക് നല്ല പഠനം നൽകി. പിന്നീട് നാട്ടുകാരെല്ലാ വരും അവൾക്കൊരു വീടു ്ടാക്കി കൊടുത്തു. സമാധാനകരമായ ജീവിതം നയിച്ചു. മഴ വീടിന്റെ മുറ്റത്ത് തളിർത്തു. അവൾ അവളുടെ വീടിന്റെ ഗ്രില്ല് പിടിച്ച് അവൾ തന്റെ ബാല്യം ആലോചിച്ചും അവൾക്ക് നഷ്ടപ്പെട്ട ഉമ്മനെയും ഉപ്പനെയും പറ്റി ആലോചിച്ചു കരഞ്ഞു. എന്റെ ജീവിതം വളരെ വിഷമാകരമായിരുന്നു. എന്നാലും ഞാനതിന്നെ തരണം ചെയ്യുമെന്ന് കരുതി. അവൾ അഞ്ചു വക്ത നിസ്കാരത്തിലും അവൾ അവളുടെ ജീവൻ തുല്യമായ ഉമ്മക്കും ഉപ്പാകും വേണ്ടി അവൾ ദുഹാഹ് ചെയ്തു. കുറച്ചു ദിവസങ്ങൾകു ശേഷം അവൾ്ക് കാസർകോഡിൽ നിന്നും ഒരു ഡോക്ടർ പയ്യൻ അവളെ കല്യാണം അന്വേഷിച്ചു വന്നു. അവിടത്തെ എല്ലാവരും ഇവന്ക ഇവളെ കെട്ടിച്ചു കൊടുത്തു. ശേഷമുള്ള ജീവിതം കാസർകോഡിൽ ആയിരുന്നു.

ജീവിതത്തിൽ പലപ്പോഴും ഓരോ വഴിതെരുവിലേക്ക് മനുഷ്യൻ പോകും. അത് ചിലപ്പോൾ നല്ലതിന് വേണ്ടിയായിരിക്കും എന്നു ചിന്തികുന്നവർക്ക് ഇത് നല്ലൊരു ഗുണ പാഠവും. ഉമ്മനെയും ഉപ്പനെയും സ്നേഹിക്കുന്നവർക്ക് ഇത് നല്ലൊരു സമർപ്പണവുമാകട്ടെ എന്നു കരുതുന്നു.



## നാല് സൗഹൃദ പൂക്കൾ

ഷിജിന

എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ ക്യൂആർ.കോഡ് സ്കാൻ ചെയ്യൂ

മഞ്ഞാടി കാട് എന്നു പറയുന്ന കാട്ടിൽ രണ്ട് ചങ്ങാതിമാർ ഉണ്ടായിരുന്നു. മിച്ചുവെന്നും കിച്ചുവെന്നും പേരുള്ള രണ്ട് പൂച്ചകളായിരുന്നു. ഇവരിൽ കിച്ചു വളരെ രസികനും എപ്പോഴും ഓരോ പൊട്ടത്തരവും പറഞ്ഞ് എല്ലാവരെയും രസിപ്പിക്കും ചെയ്യും. എന്നാൽ മിച്ചു അങ്ങനെയല്ല. അവൻ എപ്പോഴും വലിയ വലിയ കാര്യങ്ങളാണ് പറയുന്നത്. ഒരു ദിവസം മിച്ചവും കിച്ചുവും കൂടി മഞ്ഞാടി കാട്ടിലൂടെ നടന്നുപോകുമ്പോൾ പെട്ടെന്ന് കാൽ തെന്നി ഒരു നദിയിലേക്ക് കിച്ചു വീഴുകയും അത് കണ്ടുകൊണ്ടിരുന്ന ഒരു പ്രാവ് കുറേ വള്ളികൾ പറിച്ച് നദിയിലേക്ക് ഇടുകയും അതിന്റെ മറ്റേ തല മിച്ചുവിന്റെ കൈയിൽ ഇട്ടു കൊടുക്കുകയും ചെയ്തു .അവൻ അത് ഒരു മരത്തിൽ ചുറ്റിപ്പിടിച്ച് കിച്ചുവിനെ നദിയിൽ നിന്നും രക്ഷിച്ചു. അതിനു ശേഷം ഇവർ മൂന്നു പേരും കൂടി യാത്ര തുടർന്നു. കുറേ ദൂരം നടന്നപ്പോൾ അവർക്ക് വിശക്കാൻ തുടങ്ങി. അങ്ങനെ അവർ തളർന്ന് ഒരു മരച്ചുവട്ടിൽ ഇരുന്നു .അപ്പോഴാണ് അതു കണ്ട കുഞ്ഞണ്ണാൻ മരത്തിനു മുകളിൽ നിന്നും പഴങ്ങൾ പഴങ്ങൾ പറിച്ച് താഴെക്ക് ഇട്ടു കൊടുത്തു. അതു കണ്ട അവർ മുകളിലേക്ക് നോക്കി. അപ്പോഴാണ് അവർ ആ കുഞ്ഞണ്ണാനെ കണ്ടത്. അവർ അവനോട് നന്ദി പറയുകയും അവർക്കിടയിൽ ഒരു സാഹൃദം പൂവണിയുകയും ചെയ്തു. അങ്ങനെ ആ നാല് സുഹൃത്തുകളും സന്തോഷത്തോടെ കാട്ടിൽ ജീവിച്ചു.

## എന്റെ മഴയനുഭവം

വന്ദന

അന്ന് ഒരു മഴക്കാലമാണ്. സ്കൂൾ അവധി. മഴക്കാലത്ത് കളിക്കാൻ എനിക്ക് വളരെയധികം ഇഷ്ടമാണ്. മഴയും പെയ്യാൻ വിതുമ്പി നിൽക്കുന്ന

എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ
ക്യൂ.ആർ.കോഡ് സ്കാൻ ചെയ്യൂ

കാർമേഘത്തെയും എനിക്കിഷ്ടം ആണ്. മഴ ചാറുന്നതിനെക്കാൾ പെരുമഴയാണ് എനിക്ക് ഇഷ്ടം. അങ്ങനെ ഒരു ദിവസം ഞാനും എന്റെ അനിയത്തിയും കുറെയധികം തോണികൾ ഉണ്ടക്കി. അന്ന് വീടിന്റെ പടി വരെ വെള്ളം എത്തിയിരുന്നു. അച്ഛനും അമ്മയും വെള്ളത്തിൽ കളിക്കുന്നതു കണ്ടാൽ ചീത്ത പറയും. അതുകൊണ്ട് അവർ കാണാതെയാണ് ഞങ്ങൾ വെള്ളത്തിൽ കളിക്കാറ്. മഴയത്തും അങ്ങനെ തന്നെയാണ്. മഴ പെയ്യുമ്പോൾ പുതച്ചുമൂടിക്കിടക്കാൻ നല്ല സുഖമാണ്. അതും മഴയും കണ്ട്. അങ്ങനെ അന്ന് നല്ല പെരുമഴയായിരുന്നു. വീടിനുചുറ്റും വെള്ളം കൊണ്ട് നിറഞ്ഞിരുന്നു. വീട്ടിൽ വരുന്ന ഓരോ ചാലുകൾക്കും ഓരോ പേരുകൾ നൽകി കളിച്ചിരുന്നു. ഒരു കല്ലിൽ തട്ടി കല്ലിനു മുകളിലൂടെ വെള്ളം വരുന്നതു കണ്ടപ്പോൾ വെള്ളച്ചാട്ടമായി തോന്നി. അതു കാണാൻ നല്ല രസമുണ്ടായിരുന്നു.

പെരുമഴ ആയതുകൊണ്ട് കലക്കുവെള്ളമാണ് വന്നിരുന്നത്. മഴ ശമിച്ചപ്പോൾ തെളിഞ്ഞു. വീടിനു പിറകിൽ പുഴ പോലെ ഒരു ചാലുണ്ടായിരുന്നു. അതിനു ചെറിയ ഒഴുക്കുണ്ടായിരുന്നു. അതു കണ്ടപ്പോൾ എനിക്ക് ഓർമ വന്നത് ഭാരതപ്പുഴയാണ്. ഞങ്ങൾ തോണികൾ എടുത്ത് ഓരോന്നായി ചാലിൽ ഒഴുക്കി. ഞങ്ങൾ അങ്ങനെ ഒരു മത്സരം നടത്തി. ആദ്യം ആരുടെ തോണി മുന്നിൽ എത്തും എന്ന്. ഞങ്ങൾക്ക് ആകാംഷ ആയതുക്കൊണ്ട് ഒരു കുട ചൂടി അമ്മ അറിയാതെ വീടിനുപുറത്ത് ഇറങ്ങി അത് എവിടെ വരെ എത്തി എന്നു നോക്കി. അപ്പോൾ എന്റെ അനിയത്തിയുടെതായിരുന്നു ആദ്യം എത്തിയിരുന്നത്. ഇനിയും പോ-

കാനുള്ളതുകൊണ്ട് എനിക്ക് സമാധാനമായി. മരത്തിന്റെ വേരുകളിൽ തങ്ങിനിൽക്കുന്ന തോണി ഉന്തികൊടുക്കും. അപ്പോൾ ആ തോണി വെള്ളത്തിന്റെ ഒഴുക്കനുസരിച്ച് മുന്നോട്ട് നീങ്ങും. ചിലത് വെള്ളത്തിൽ കുതിരുമ്പോൾ പിന്നെയും വേറെ തോണി ഒഴുക്കി കളി തുടങ്ങും. അങ്ങനെ തോണിയെല്ലാം തീർന്നപ്പോൾ ഞങ്ങൾ കൈയും കാലും കഴുകി ഉള്ളിൽ കയറി മഴ ആസ്വദിച്ചു കിടന്നു. ജനൽ തുറന്നതുകൊണ്ട് നല്ലതുപ്പോലെ മഴ കാണാമായിരുന്നു. അന്നത്തെ ദിവസം അങ്ങനെ തീർന്നു.


## ഓർമയിലെ ഒരു മഴക്കാലം

സാരംഗി.സി 8A

പെരുമഴപെയ്യുന്ന ഒരു വൈകുന്നേരം ഞാനും എന്റെ കൂട്ടുകാരും സ്കൂൾ വിട്ട് നടന്നു വരുകയായിരുന്നു. അന്ന് ഞാൻ കുട കൊണ്ടുപോകാൻ മറന്നിരുന്നു. അതു കൊണ്ട് ഞാനൊരു കൂട്ടുകാരിയുടെ കുടയിൽ എനിക്കു വേണ്ടി ഒരു സ്ഥാനം കണ്ടെത്തി. റോഡിലൂടെ നൂലു പോലെ ഒഴുകി വരുന്ന മഴ വെള്ളത്തിൽ ഞങ്ങൾ കളിച്ചു.

എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ
ക്യൂ.ആർ.കോഡ് സ്കാൻ ചെയ്യൂ

മഴയുടെ ശക്തി കൂടുന്നത് ഞങ്ങൾ അറിയുന്നുണ്ടായിരുന്നില്ല. വഴിയിൽ ഞങ്ങൾ മനോഹരമായ സപ്തവർണങ്ങൾ ചേർന്ന മഴവില്ല് കണ്ടു. അത്



കണ്ടപ്പോൾ ഞങ്ങൾക്ക് ലഭിച്ച ആനന്ദം വളരെ വലുതായിരുന്നു. കാരണം വളരെ അപൂർവ്വമായി മാത്രമേ ഞങ്ങൾ മഴവില്ലിനെ കാണാറുള്ളൂ. മഴവില്ലിനെ കാണുമ്പോൾ അതിനെ സ്പർശിക്കണമെന്ന ആഗ്രഹം എന്റെ മനസ്സിൽ ഉണ്ടായിരുന്നു. ഞങ്ങളങ്ങനെ മഴയിൽ കളിച്ചു ചിരിച്ച് നടന്നു വരുകയായിരുന്നു. പെട്ടെന്ന് ഒരു കാർ വളരെ വേഗതയിൽ ഞങ്ങളെ കടന്നുപോയി. കളിച്ചു ചിരിച്ചു നടന്ന ഞങ്ങളുടെ പ്രകാശം ഊതിക്കെടുത്തിയാണ് ആ കാർ കടന്നുപോയത്. ഞങ്ങൾ കാറിൽ നിന്നും പരമാവധി അകലാൻ ശ്രമിച്ചിരുന്നു. പക്ഷെ റോഡരികിൽ നിന്നിരുന്ന ഞങ്ങളുടെ മേൽ ആ കാർ ചെളി തെറിപ്പിച്ചു. വസ്ത്രത്തിലെല്ലാം അഴുക്കായി. അന്ന് ഞാൻ ആദ്യമായി മഴയെ വെറുത്തു. അതുവരെ ഉണ്ടായിരുന്ന ആനന്ദമെല്ലാം ഒരു നിമിഷം കൊണ്ട് ഇല്ലാതായി. മഴകാരണം അന്ന് ഞാൻ കരഞ്ഞിരുന്നു. മറ്റു കുട്ടികളുടെ പരിഹാസവും എന്നെ അന്ന് വല്ലാതെ വേദനിപ്പിച്ചു.

## പുഴയോട്

വന്ദന

എഴുതിയ ആളുടെ ശബ്ദത്തിൽ കേൾക്കാൻ
ക്യൂആർ.കോഡ് സ്കാൻ ചെയ്യൂ

എന്തിനിങ്ങനെ  ഒഴുകുന്നു നീ
എങ്ങോട്ടിങ്ങനെ പോകുന്നു
നീ
എന്താണിങ്ങനെ
ചാലുകൾ
ചേർന്നുതോടാകുന്നു
തോടുകൾ ചേർന്നു
പുഴയാകുന്നു
പുഴകൾ  ചേർന്നു
കടലാകുന്നു
കടലുകൾ ചേർന്നു
തിരയാകുന്നു
കുന്നുകൾ താണ്ടി  കല്ലുകൾ
താണ്ടി
തോടുകൾ  താണ്ടി
പാലവും  താണ്ടി
എങ്ങോട്ടാണി യാത്ര
എന്താണിങ്ങനെ  ഒഴുകുന്നു
നീ
എങ്ങോട്ടിങ്ങനെ പോകുന്നു
നീ
എന്താണിങ്ങനെ

